**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 - മുല്ലക്കൊടി സഹകരണ റൂറൽ ബാങ്ക് ക്ലിപ്തം നം.എഫ്.1230 (കണ്ണൂർ) ന് ധനസഹായം അനുവദിക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.100/2025/Co-Op തീയതി,തിരുവനന്തപുരം, 22-02-2025

---

പരാമർശം:-

1. 16/11/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം
2. സഹകരണ സംഘം രജിസ്ട്രാറുടെ 25/12/2023 ലെ പി& എം .എ (5) 6992/2023 നം കത്ത്
3. സ.ഉ (സാധാ) നം. 28/2024/സഹ തീയതി 17/01/2024
4. സ.ഉ (സാധാ) നം.57/2024/ധന തീയതി 17/07/2024
5. സ.ഉ (സാധാ) നം.76/2024/ധന തീയതി 31/08/2024
6. 15/11/2024 ലെ ചീഫ് സെക്രട്ടറിതല യോഗ മിനിറ്റ്സ്.
7. 16/12/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
8. സർക്കുലർ നം.35/2024/ധന തീയതി 12/06/2024
9. സ.ഉ (സാധാ) നം. 68/2025/സഹ തീയതി 03/02/2025 .

**<u>ഉത്തരവ്</u>**

മുല്ലക്കൊടി സഹകരണ റൂറൽ ബാങ്ക് ക്ലിപ്തം നം.എഫ്.1230 (കണ്ണൂർ) ന് "സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം ബാങ്കിന് നേരിട്ടും SHG ഗ്രൂപ്പുകളിലൂടെയും നെൽകൃഷി, ഉഴുന്ന്, പയർ, പച്ചക്കറികൃഷി എന്നിവയ്ക്കായി 179.982 ലക്ഷം രൂപ (നൂറ്റി എഴുപത്തൊമ്പത് ലക്ഷത്തി തൊള്ളായിരത്തി എൺപത്തിരണ്ട് രൂപ മാത്രം)

ധനസഹായം, **2023-24** സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം **(3)** സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം തുക റിലീസ് ചെയ്യുന്നതിന് സാധിച്ചിരുന്നില്ല.

**2.** സംസ്ഥാനത്തിന്റെ മാറിയ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പരാമർശം **(4,5)** പ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ **2024-25** സാമ്പത്തികവർഷത്തെ സഹകരണ വകുപ്പിന്റെ പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് പരാമർശം **(6)** പ്രകാരം കൂടിയ കമ്മിറ്റി അംഗീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ ടി സംഘത്തിന് ധനസഹായം അനുവദിക്കുന്ന പ്രപ്പോസലും ഉൾപ്പെട്ടിരുന്നു. തുടർന്ന് മുല്ലക്കൊടി സഹകരണ റൂറൽ ബാങ്ക് ക്ലിപ്തം നം.എഫ്.**1230** (കണ്ണൂർ) ന് "സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം ധനസഹായം അനുവദിക്കുന്ന പ്രപ്പോസലിന് പരാമർശം **(7)** പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിരുന്നു. സഹകരണ വകുപ്പിന്റെ പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിന് പരാമർശം **(9)** പ്രകാരം സമഗ്ര ഭരണാനുമതി നൽകിയിരുന്നു.

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുല്ലക്കൊടി സഹകരണ റൂറൽ ബാങ്ക് ക്ലിപ്തം നം.എഫ്.**1230** (കണ്ണൂർ) സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി പ്രകാരം ബാങ്കിന് നേരിട്ടും **SHG** ഗ്രൂപ്പുകളിലൂടെയും നെൽകൃഷി, ഉഴുന്ന്, പയർ, പച്ചക്കറികൃഷി എന്നിവ കൃഷി ചെയ്യുന്നതിനായി **98.992**ലക്ഷം രൂപ (തൊണ്ണൂറ്റെട്ട് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) (സബ്സിഡി **43.2**ലക്ഷം + ഓഹരി- **37.8** ലക്ഷം + വായ്പ- **17.9920** ലക്ഷം) **2024-25** സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4.** കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി അഗ്രികൾച്ചർ) **CITA** യുടെ കീഴിലുള്ള എല്ലാ പ്രോജക്റ്റുകളുടെയും നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും ഡോക്യുമെന്റേഷൻ നടത്തേണ്ടതും പദ്ധതി നടപ്പാക്കുന്നതിന്റെ ഓരോ ഘട്ടത്തിലും അടിസ്ഥാന ഡാറ്റാ എൻട്രി നടത്തേണ്ടതുമാണ്.

- **CITA** യുടെ കീഴിലുള്ള എല്ലാ പദ്ധതികളുടെയും നടത്തിപ്പ് ഘട്ടം ഘട്ടമായി അവസാനം വരെ (സാമ്പത്തിക സഹായത്തിന്റെ തിരിച്ചടവ് ഉൾപ്പെടെ) സഹകരണ സംഘം രജിസ്ട്രാർ നിരീക്ഷിച്ച് വിലയിരുത്തേണ്ടതും മൂന്ന് മാസത്തിലൊരിക്കൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
- ഗവൺമെന്റ് ഫണ്ടിൽ നിന്നുള്ള എല്ലാ നിർമ്മാണങ്ങളിലും സർക്കാരിന്റെയും സഹകരണ വകുപ്പിന്റെയും ലോഗോയും വിവരണവും ഉൾപ്പെടുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർ ഉറപ്പാക്കേണ്ടതാണ്.
- **CITA** യ്ക്ക് കീഴിലുള്ള എല്ലാ പദ്ധതികൾക്കും ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതും, ടെൻഡർ സംബന്ധിച്ചും ഉള്ള എല്ലാ നടപടിക്രമങ്ങളും സുതാര്യമായിരിക്കണം.

**5.** പ്രസ്തുത തുക, പരാമർശം **(8)** പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, **2024-25** സാമ്പത്തിക വർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/318/2022/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

Signed by
Radhika P
Date: 24-02-2025 14:29:36

**സെക്ഷൻ ഓഫീസർ**

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ ക്ക്